നം: ഡി 3-200/17

# കേരള സർക്കാർ

## ജലസേചന വകുപ്പ് (ചെറുകിട ജലസേചനം)
## ലഘുദർഘാസ് പരസ്യം

തിരുവനന്തപുരം ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള ഗവർണ്ണർക്കു വേണ്ടി താഴെ പറയുന്ന പ്രവൃത്തികൾക്കു ജലവിഭവ വകുപ്പിലോ പൊതുമരാമത്തു വകുപ്പിലോ രജിസ്റ്റർ ചെയ്തിട്ടുള്ള നിർദ്ദിഷ്ട യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | പണി പൂർത്തീകരിക്കാനുള്ള കാലാവധി | നിരത ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില | കരാറുകാരുടെ വിഭാഗം | ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി |
|---|---|---|---|---|---|---|---|
| 1 | 06/AEE-MI/2018-19 | FD - തിരുവനന്തപുരം കോർപ്പറേഷനിൽ മരുതംകുഴി എം.കെ.വി-നഗർ കേശവപുരം പാലത്തിന് സമീപം കാരിത്തോട് വൃത്തിയാക്കൽ Rs. 1,78,364/- | 30 ദിവസം | 4,500/- | 500+ GST | ഡി-യും അതിനു മുകളിലും | 13/03/2019 |

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദാംശങ്ങളും 08/03/2019 വൈകുന്നേരം 4 മണി വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും താഴെ ഒപ്പു വച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകളുടെ കൂടെ 200/-(ഇരുനൂറ്) രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിലുള്ളതു പ്രകാരം തയ്യറാക്കിയ പ്രാഥമിക കരാർ പത്രം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക കരാർ പത്രം ഇല്ലാതെ സമർപ്പിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. 1984-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിയമത്തിലെ 8(2) വകുപ്പു അനുസരിച്ച് പ്രസ്തുത പണിയെടുക്കുന്ന കരാറുകാരൻ പ്രവർത്തിയുടെ മൊത്തം ചെലവിന്റെ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് നൽകാൻ ബാധ്യസ്ഥനാണ്. നിരതദ്രവ്യം തിരുവനന്തപുരം ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മാറ്റിയെടുക്കത്തക്ക രീതിയിൽ വാങ്ങേണ്ടതും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

(മറുപുറം)

Assistant Executive Engineer
Minor Irrigation Sub Division
Thiruvananthapuram.

പൂരിപ്പിച്ച ദർഘാസുകൾ രജിസ്ട്രേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേന മാത്രം 13/03/2019 വൈകുന്നേരം 3 മണിക്കു മുൻപായി താഴെ ഒപ്പു വച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. കൊറിയർ സർവ്വീസിൽ അയക്കുന്നതോ നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് നമ്പരും പ്രവർത്തിയുടെ പേരും രേഖപ്പെടുത്തിയ മുദ്ര വച്ച കവറിലായിരിക്കണം ദർഘാസുകൾ സമർപ്പിക്കേണ്ടതാണ്. ലഭിച്ച ദർഘാസുകൾ 13/03/2019 വൈകുന്നേരം 3.15 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരാകുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. അന്നേ ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം 3 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതും അന്നേ ദിവസം 3.15ന് തുറക്കുന്നതുമാണ്. നിരതദ്രവ്യമായി 'ഇന്ദിരാവികാസ്പത്ര' സ്വീകരിക്കുന്നതല്ല. ജലവിഭവ വകുപ്പിലേയും പൊതുമരാമത്ത് വകുപ്പിലേയും ദർഘാസുകളെ സംബന്ധിക്കുന്ന മറ്റെല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്. ലേബർ കോൺട്രക്ട് സൊസൈറ്റികൾ ദർഘാസിനോടൊപ്പം അവരുടെ യോഗ്യത, കൈവശമുള്ള പണികൾ അവർക്ക് എടുക്കാവുന്ന പണികളുടെ സമ്പത്തിക പരിധി മുതലായവ ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽ നിന്നും ലഭിച്ചത് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ജി.ഒ.(പി) നം. 84/97.പി.ഡബ്ല്യു. ആന്റ് റ്റി പ്രകാരമുള്ള നിബന്ധനകളെല്ലാം ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ചെറുകിട ജലസേചന ഉപവിഭാഗം
മ്യൂസിയത്തിന് എതിർവശം, ഒബ്സർവേറ്ററി ഹിൽസ്,
തിരുവനന്തപുരം - 695033
തീയതി: 02/03/2019

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണ്ണർക്കു വേണ്ടി)